നം.ഐ.ഇ.ഡി./58251/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : / /06/2018

# പരിപത്രം

വിഷയം : 2018-19 – പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ പഠിക്കുന്ന ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതി നുള്ള പുതുക്കിയ പട്ടിക (renewal list) സമർപ്പിക്കുന്നത് – സംബ ന്ധിച്ച്.

സൂചന: 1) പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച പ്ലാൻ പ്രൊപ്പോസൽ 2018-19.
2) സർക്കാർ കത്ത് നം. ഡി2/110/2018/പൊ.വി.വ.(ഡി) തീയതി. 11/05/2018.

മേൽ സൂചനകളിലേയ്ക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്ന താഴെപ്പറ യുന്ന വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 2018-19 വർഷത്തേയ്ക്ക് സാമ്പ ത്തിക സഹായം നൽകുന്നതിന് 12.40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 40% മോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാരായ ശ്രവണവൈകല്യം (HI), കാഴ്ച വൈകല്യം (VI), ബുദ്ധിപരമായവൈകല്യം (MR), ഓട്ടിസം, അസ്ഥിസംബന്ധമായവൈ കല്യം (OH) എന്നീ വിഭാഗക്കാർക്കാണ് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹത യുള്ളത്. ബുക്ക് & സ്റ്റേഷനറി, യൂണിഫോം, ട്രാൻസ്പോർട്ട് (യാത്രാബത്ത), എസ്കോർട്ട് (യാത്രാസഹായിക്കുള്ള ബത്ത) എന്നീ അലവൻസുകൾ മുകളിൽ സൂചിപ്പിച്ച അഞ്ച് വിഭാഗങ്ങൾക്കും ലഭിക്കുന്നതാണ്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ 40% മോ അതില ധികമോ കാഴ്ചക്കുറവുള്ള കുട്ടികൾക്കു മാത്രമാണ് റീഡേഴ്സ് അലവൻസ് (വായനാസ ഹായിക്കുള്ള ബത്ത)അനുവദനീയമായിട്ടുള്ളത്.

2017-18 വർഷം സാമ്പത്തിക സഹായത്തിന് അർഹത നേടിയ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ കുട്ടികളുടെയും (2018-19 വർഷം 2-ാം ക്ലാസ്സുമുതൽ 8-ാം ക്ലാസ്സു വരെയുള്ള കുട്ടികൾ മാത്രം) പുതുക്കിയ പട്ടിക (renewal list) നിർബന്ധമായും 2018 ജൂൺ 26 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഇതോടൊപ്പം അടക്കം ചെയ്യുന്ന നിർദ്ദിഷ്ട പ്രൊഫോർമയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഐ.ഇ.ഡി. സെല്ലിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. പട്ടികയോടൊപ്പം അതാത് എ.ഇ. ഓ.മാർ ഭിന്നശേഷിക്കാരായ കുട്ടികളുടെ സാമ്പത്തിക സഹായം നൽകേണ്ട അക്കൗ ണ്ടിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്. കോഡും അട ങ്ങിയ പേജിന്റെ പകർപ്പും കൂടി സമർപ്പിക്കേണ്ടതാണ്. ആയതിന്റെ ഒരു സി.ഡി. (excel format) യും ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടി പ്രൊഫോർമ iedcellkerala@gmail.com ലേയ്ക്കും മെയിൽ ചെയ്യേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പേരിൽ ഐ.ഇ.ഡി. യ്ക്ക് വേണ്ടി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആയി രിക്കും തുക നിക്ഷേപിക്കുക. ഇങ്ങനെ ലഭിക്കുന്ന തുക കുട്ടികളുടെ ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രമേ ഗുണഭോക്താക്കൾക്ക് നൽകുവാൻ പാടുള്ളു. ഇതിൽ

വീഴ്ചവരുത്തുന്നത് ഗൗരവമായിക്കാണുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്. മുൻവർഷങ്ങളിലെ കുടിശ്ശിക ഏതെങ്കിലും വിദ്യാർത്ഥികൾക്ക് നൽകുവാൻ ഉണ്ടെങ്കിൽ ആയതിന്റെ പ്രൊപ്പോസൽ പ്രത്യേകം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. സ്കൂളുകളുടെ യൂഡൈസ് കോഡ്, കുട്ടികളുടെ യു.ഐ.ഡി.നമ്പർ, വൈകല്യത്തിന്റെ സ്വഭാവം, ശതമാനം എന്നിവ വ്യക്തമായി പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാതിരിക്കുകയോ അവ്യക്തമായ അപേക്ഷ സമർപ്പിക്കുന്നതുമൂലമോ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നഷ്ടപ്പെടുകയാണെങ്കിൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസുകൾക്ക് മാത്രമായിരിക്കും. കൃത്യസമയത്ത് പ്രൊപ്പോസലുകൾ ഈ ഓഫീസിൽ സമർപ്പിക്കുന്നതിലും അനുവദിക്കുന്ന തുക സമയബന്ധിതമായി കുട്ടികൾക്ക് ബാങ്ക് വഴി വിതരണം ചെയ്യുന്നതിലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഈ പദ്ധതിയുടെ ഉപഭോക്താക്കളുടെ ലിസ്റ്റ് ആൺ/പെൺ കുട്ടികളുടെ എണ്ണം തിരിച്ചും വൈകല്യത്തിന്റെ എണ്ണം തിരിച്ചും ജനറൽ/ഒ.ബി.സി./ എസ്.സി./എസ്.ടി. എന്നിങ്ങനെ തരംതിരിച്ചും സർക്കാരിന് നൽകേണ്ടതായിട്ടുള്ളതിനാൽ ഈ സർക്കുലറിനോടൊപ്പം നൽകുന്ന പ്രൊഫോർമയിൽത്തന്നെ പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Addl. Director of Public Instruction
Directorate of Public Instruction
Thiruvananthapuram-14

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

## പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് 2018–19 വർഷത്തിൽ സാമ്പത്തിക സഹായം ആവശ്യപ്പെടുന്നതിനുള്ള പ്രൊഫോർമ

| റവന്യൂ ജില്ല : | | | വിദ്യാഭ്യാസ ഉപജില്ല: | | | ബാങ്കിന്റെ പേര് : | | | | ബ്രാഞ്ചിന്റെ പേര് : | | | | ബാങ്ക് അക്കൗണ്ട് നം : | | | | ഐ.എഫ്.എസ്. കോഡ് : | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നം | കുട്ടിയുടെ പേര് | കുട്ടിയുടെ യു.ഐ.ഡി. നം. | സ്കൂളിന്റെ പേര് | യുഡൈസ് കോഡ് | ഫ്രെഷ്/ റിന്യൂവൽ | ക്ലാസ്സ് | ആൺ/ പെൺ | വൈകല്യത്തിന്റ സ്വഭാവം | വൈകല്യത്തിന്റെ ശതമാനം | ജനറൽ/ എസ്.സി./ എസ്.ടി./ മറ്റു പിന്നോക്ക വിഭാഗം/ ന്യൂനപക്ഷം | ബുക്കുകൾക്കും സ്റ്റേഷനറിക്കുമായുള്ള ബത്ത | യൂണിഫോമിനുള്ള ബത്ത | യാത്രാ ബത്ത | യാത്രാ സഹായിക്കുള്ള ബത്ത | വായനാ സഹായിക്കുള്ള ബത്ത | ആകെ | ബാങ്ക് അക്കൗണ്ട് നം. | ബാങ്കിന്റെ പേര്. | ബ്രാഞ്ചിന്റെ പേര്. | ഐ.എഫ്.എസ്. കോഡ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |

തീയതി :

ഓഫീസ് മുദ്ര

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കയ്യൊപ്പും പേരും